**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** **23-02-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ-കുറ്റിപ്പുറം പാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അൻപത് കോടി രൂപ അനുവദിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അന്തിമ അനുമതി ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകിയിട്ടില്ല എന്ന കാര്യം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മണലൂർ മണ്ഡലത്തിനായി അനുവദിച്ച പ്രസ്തുത പ്രവൃത്തിക്ക് അന്തിമാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ടി പദ്ധതിക്കായി പദ്ധതിയുടെ നിർവഹണ ഏജൻസി (SPV) ആയ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയിൽ സമർപ്പിച്ച വിശദപദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് മറുപടിക്കായി KRFB യ്ക്ക് കിഫ്ബി നൽകിയിട്ടുണ്ട്. സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള റിപ്പോർട്ട് SPV ലഭ്യമാക്കുന്ന മുറക്ക് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ